# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **4705** **19-05-2017** ൽ മറുപടിക്ക്

## വായ്പ കുടിശ്ശിക നിവാരണ പദ്ധതി

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി വായ്പ കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | പട്ടികജാതിക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-03-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴിതിതള്ളുന്നതിന് വ്യവസ്ഥ യുണ്ട്. ഇതിനു പുറമെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച കേസുകളിൽ കടാശ്വാസം അനുവദിക്കുന്നതിന് 20-08-2016 തീയതിയിലെ സ.ഉ(പി) നം. 118/2016/ധന നം. ഉത്തരവ് പ്രകാരവും പദ്ധതിയുണ്ട്.<br><br>സ.ഉ(അ) നം. 71/2015/പജപവവിവ തീയതി 01-10-2015 പ്രകാരം പട്ടിക വർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും01-04-2006 മുതൽ 31-03-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപ്പലിശയും, മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിതള്ളുന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് അർഹരായ പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതി തള്ളുന്നു. |
| (സി) | ഇതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയെന്ന് വ്യക്ത മാക്കുമോ; | (സി) | പട്ടികജാതിക്കാരുടെ തീരുമാനമാകാതെ കിടന്നിരുന്ന 69413 അപേക്ഷകളിൽ കടം എഴുതിത്തള്ളി തീർപ്പുകല്പിക്കുന്നതിനായ 2016-17 വർഷത്തിൽ 88.54 കോടി രൂപ അനുവദിച്ചിരുന്നു. ഇപ്പോൾ അപേക്ഷകൾ ബാക്കിയുള്ളതായി അറിവില്ല. ഈ വർഷം ടോക്കൻ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ടി പദ്ധതി നിർവ്വ ഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ 39,52,41,000/- രൂപ ടി കോർപ്പറേഷന് 2015-16 സാമ്പത്തിക വർഷം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നാണ് അർഹരായ പട്ടികവർഗ്ഗക്കാരുടെ വായ്പ തുടർ വർഷങ്ങളിൽ എഴുതിതള്ളുന്നത്. |
| (ഡി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരിൽ ജപ്തി നടപടി നേരിടുന്നവരുടെ വായ്പ എഴുതി ത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വായ്പ കുടിശ്ശിക വരുത്തുന്നവരെ മാത്രമാണ് നിലവിലെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ